STUDENT MAP

F.Y.
March 2018

# Part - III

# POLITICAL SCIENCE

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool off time' of 15 minutes in addition to the writing time.
- Use the 'Cool off time' to get familiar with questions and to plan your answers.
- Read the instructions carefully.
- Read the questions carefully before answering.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except nonprogrammable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതു നിർദ്ദേശങ്ങൾ:***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Answer all questions from question numbers 1 to 15.

(Total 28 scores)

1. "I disapprove of what you say, but I will defend to death your right to say it". Who said it? (1)

2. Identify the doctrine which argues for equal rights of men and women.

   a) Nascism
   b) Fascism
   c) Feminism
   d) Anarchism (1)

3. Identify the different types of executives given below and arrange them properly in the table. (2)

   - Prime Minister
   - Vice President
   - District Collector
   - Chief Secretary

| Political Executive | Permanent Executive |
|---|---|
| ○ .................. | ○ .................. |
| ○ .................. | ○ .................. |

1 മുതൽ 15 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.

(ആകെ 28 സ്കോർ)

1. "നിങ്ങൾ പറയുന്നതിനോട് ഞാൻ വിയോജിക്കുന്നു.പക്ഷേ അത് പറയുന്നതിനുള്ള നിങ്ങളുടെ അവകാശത്തിനായി ഞാൻ മരണം വരെ പോരാടും". ആരുടെ വാക്കുകളാണിവ? (1)

2. സ്ത്രീ-പുരുഷ സമത്വത്തിനായി വാദിക്കുന്ന സിദ്ധാന്തം ഏതെന്ന് കണ്ടെത്തുക.

   a) നാസിസം
   b) ഫാസിസം
   c) ഫെമിനിസം
   d) അരാജകവാദം (1)

3. ചുവടെ ചേർത്തിരിക്കുന്ന വ്യത്യസ്ത തരം കാര്യ നിർവ്വഹണ വിഭാഗങ്ങളെ തിരിച്ചറിഞ്ഞ് അവയെ പട്ടികയിൽ ശരിയായി ക്രമപ്പെടുത്തുക. (2)

   - പ്രധാനമന്ത്രി
   - ഉപ രാഷ്ട്രപതി
   - ജില്ലാ കളക്ടർ
   - ചീഫ് സെക്രട്ടറി

| രാഷ്ട്രീയ എക്സിക്യൂട്ടീവ് | സ്ഥിരം എക്സിക്യൂട്ടീവ് |
|---|---|
| ○ .................. | ○ .................. |
| ○ .................. | ○ .................. |



Get the latest Question papers,
Notes and study resources.
Visit studentmap.in

STUDENT MAP



4. "As a human being each person is unique and equally valuable and no one is born to serve others". This is the basic assumption of .............
   a) Political Rights
   b) Civil Rights
   c) Economic Rights
   d) Human Rights **(1)**

5. Arrange the following appropriately in the table.
   - Right to Vote
   - Right to Protest
   - Right to Expression
   - Right to form Political Parties **(2)**

| Political Rights | Civil Rights |
|---|---|
| • ...................<br>• ................... | • ...................<br>• ................... |

6. Name the authors of the books given below.
   a) Long Walk to Freedom
   b) Freedom from Fear **(2)**

4. ''മനുഷ്യരെന്ന നിലയിൽ ഓരോ വ്യക്തിയും ശ്രേഷ്ഠനും മറ്റുള്ളവരെപ്പോലെ തുല്യ മൂല്യമുള്ളവനുമാണ്. ഏതെങ്കിലുമൊരാൾ മറ്റുള്ളവരെ സേവിക്കാൻ വേണ്ടിയല്ല ജനിച്ചത്''. ഈ അടിസ്ഥാന കാഴ്ചപ്പാട് ഏതുമായി ബന്ധപ്പെട്ടതാണ്?
   a) രാഷ്ട്രീയ അവകാശങ്ങൾ
   b) പൗരാവകാശങ്ങൾ
   c) സാമ്പത്തിക അവകാശങ്ങൾ
   d) മനുഷ്യാവകാശങ്ങൾ **(1)**

5. ചുവടെ ചേർത്തിരിക്കുന്നവയെ ശരിയായ രീതിയിൽ പട്ടികയിൽ ക്രമീകരിക്കുക.
   - വോട്ടവകാശം
   - പ്രതിഷേധിക്കുന്നതിനുള്ള അവകാശം
   - അഭിപ്രായ സ്വാതന്ത്ര്യം
   - രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കുന്നതിനുള്ള അവകാശം. **(2)**

| രാഷ്ട്രീയ അവകാശങ്ങൾ | പൗരാവകാശങ്ങൾ |
|---|---|
| • ...................<br>• ................... | • ...................<br>• ................... |

6. താഴെ തന്നിരിക്കുന്ന ഗ്രന്ഥങ്ങളുടെ രചയിതാക്കളുടെ പേര് എഴുതുക.
   a) സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘ യാത്ര.
   b) ഭയത്തിൽ നിന്നുള്ള മോചനം. **(2)**

7. Aparthied is a ............ form of inequality.

a) social

b) political

c) economic

d) natural (1)

8. Write any two factors which ensure the authority of a Constitution. (2)

9. Who is the exponent of 'Harm Principle'? (1)

10. Point out two major consequences of Western Model of Development. (2)

11. What are the major criticisms raised against Indian Constitution? (2)

12. Explain briefly the significance of the study of political theory. (2)

7. വർണ്ണവിവേചനം ........................ വിഭാഗത്തിൽപ്പെട്ട അസമത്വമാണ്?

a) സാമൂഹിക

b) രാഷ്ട്രീയ

c) സാമ്പത്തിക

d) നൈസർഗ്ഗിക (1)

8. ഒരു ഭരണഘടനയുടെ ആധികാരികത ഉറപ്പു വരുത്തുന്ന ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക. (2)

9. 'ഹാനി സിദ്ധാന്ത' ത്തിന്റെ ഉപജ്ഞാതാവ് ആരാണ്? (1)

10. പാശ്ചാത്യ വികസന മാതൃകയുടെ രണ്ട് പ്രത്യാഘാതങ്ങൾ ചൂണ്ടിക്കാട്ടുക. (2)

11. ഇന്ത്യൻ ഭരണഘടനയ്ക്ക് എതിരായി ഉയർന്ന് വന്നിട്ടുള്ള പ്രധാന വിമർശനങ്ങൾ എന്തെല്ലാം? (2)

12. രാഷ്ട്രീയ സിദ്ധാന്ത പഠനത്തിന്റെ പ്രാധാന്യം ചുരുക്കി വിവരിക്കുക. (2)



Get the latest Question papers,
Notes and study resources.
Visit studentmap.in

STUDENT MAP

13. Based on the following hints, discuss the philosophy of Indian Constitution.

- Secularism
- Individual Freedom
- Federalism (3)

13. ചുവടെ ചേർത്തിരിക്കുന്ന സൂചകങ്ങളുടെ സഹായത്തോടെ ഇന്ത്യൻ ഭരണഘടനയുടെ തത്വശാസ്ത്രം വിശദമാക്കുക.

- മതേതരത്വം
- വ്യക്തി സ്വാതന്ത്ര്യം
- ഫെഡറലിസം (3)

14. Elucidate the different means for acquiring citizenship. (3)

14. പൗരത്വം ആർജ്ജിക്കുന്നതിനുള്ള വ്യത്യസ്ത മാർഗ്ഗങ്ങൾ വിശദീകരിക്കുക. (3)

15. What are the factors contributing to nationalism? (3)

15. ദേശീയതയെ പരിപോഷിപ്പിക്കുന്ന വ്യത്യസ്ത ഘടകങ്ങൾ ഏവ? (3)

**Answer any four from question numbers 16 to 20. Each carries four scores. (4 × 4 = 16)**

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം.** (4 × 4 = 16)

16. Explain briefly any two functions of the Indian Constitution.

16. ഇന്ത്യൻ ഭരണഘടനയുടെ ഏതെങ്കിലും രണ്ട് ധർമ്മങ്ങൾ ചുരുക്കി പ്രതിപാദിക്കുക.

17. What is meant by 'First Past the Post System'? Mention any three specific reasons for its adoption in India.

17. 'ഫസ്റ്റ് പാസ്റ്റ് ദി പോസ്റ്റ് സിസ്റ്റം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്? ഇന്ത്യയിൽ ഈ വ്യവസ്ഥ സ്വീകരിക്കാനുള്ള ഏതെങ്കിലും മൂന്ന് പ്രത്യേക കാരണങ്ങൾ പരാമർശിക്കുക.

18. Write any two differences between Presidential Executive and Parliamentary Executive.

19. Explain the alternative conceptions of development.

20. Discuss any two contemporary challenges to World Peace.

Answer any four from question numbers 21 to 26. Each carries five scores. (4 × 5 = 20)

21. A bill introduced in the Legislature for making law has to go through different stages. Explain the law making procedure in India.

22. Explain how judicial independence is ensured in India.

18. പ്രസിഡൻഷ്യൽ എക്സിക്യൂട്ടീവും പാർലമെന്ററി എക്സിക്യൂട്ടീവും തമ്മിലുള്ള ഏതെങ്കിലും രണ്ട് വ്യത്യാസങ്ങൾ എഴുതുക.

19. വികസനത്തിന്റെ ബദൽ സങ്കൽപ്പങ്ങൾ വിവരിക്കുക.

20. ലോക സമാധാനം നേരിടുന്ന രണ്ട് സമകാലിക വെല്ലുവിളികൾ വിശദീകരിക്കുക.

21 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 സ്കോർ വീതം. (4 × 5 = 20)

21. നിയമം നിർമ്മിക്കുന്നതിനായി നിയമനിർമ്മാണ സഭയിൽ അവതരിപ്പിക്കപ്പെടുന്ന ഒരു ബില്ല് വിവിധ ഘട്ടങ്ങളിലൂടെ കടന്നു പോകേണ്ടതുണ്ട്. ഇന്ത്യയിലെ നിയമ നിർമ്മാണ പ്രക്രിയ വിശദീകരിക്കുക.

22. ഇന്ത്യയിൽ ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം ഉറപ്പാക്കപ്പെട്ടിരിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.



Get the latest Question papers,
Notes and study resources.
Visit studentmap.in

STUDENT MAP

23. Local Governments got a fillip after the 73[rd] and 74[th] Constitutional Amendment Acts. Elucidate the major features of 73[rd] and 74[th] Constitutional Amendment Acts.

23. 73, 74 ഭരണഘടനാ ഭേദഗതി നിയമങ്ങൾ നിലവിൽ വന്നതിന് ശേഷം, പ്രാദേശിക ഗവൺമെന്റുകൾക്ക് ഒരു ഉണർവ്വ് ലഭിച്ചു. 73, 74 ഭരണഘടനാ ഭേദഗതി നിയമങ്ങളുടെ പ്രധാന സവിശേഷതകൾ വ്യക്തമാക്കുക.

24. "The 42[nd] Amendment Act made drastic changes in the Indian Constitution". Substantiate.

24. "42-ാം ഭരണഘടനാ ഭേദഗതി നിയമം ഇന്ത്യൻ ഭരണഘടനയിൽ നിർണ്ണായകമായ മാറ്റങ്ങൾ വരുത്തി". സാധൂകരിക്കുക.

25. Explain John Rawl's theory of 'Veil of Ignorance'. Do you think that, Veil of Ignorance will lead to social justice? Substantiate your arguments.

25. ജോൺ റാൾസിന്റെ 'അജ്ഞതയുടെ മൂടുപടം' എന്ന സിദ്ധാന്തം വിശദീകരിക്കുക. അജ്ഞതയുടെ മൂടുപടം സാമൂഹിക നീതിയിലേക്ക് നയിക്കും എന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ വാദങ്ങൾ സമർത്ഥിക്കുക.

26. Indian Secularism has been subjected to fierce criticisms. Based on the following hints, analyze the major criticisms against Indian Secularism.

- Anti religious
- Western import
- Minoritism
- Interventionist
- Vote bank politics

26. ഇന്ത്യൻ മതേതരത്വം നിശിതമായ വിമർശനത്തിന് വിധേയമായിട്ടുണ്ട്. ചുവടെ തന്നിരിക്കുന്ന സൂചകങ്ങളുടെ സഹായത്തോടെ ഇന്ത്യൻ മതേതരത്വത്തിനെതിരായ പ്രധാന വിമർശനങ്ങൾ വിശകലനം ചെയ്യുക.

- മതവിരുദ്ധം
- പാശ്ചാത്യ ഇറക്കുമതി
- ന്യൂനപക്ഷത്വം
- ഇടപെടൽ
- വോട്ട് ബാങ്ക് രാഷ്ട്രീയം

Answer any two from question numbers 27 to 29. Each carries eight scores. (2 × 8 = 16)

27. Explain the Fundamental Rights enumerated in Part–III of Indian Constitution.

28. "India is a Federation with a strong Central Government". Substantiate this statement with the help of hints given below.

- Emergency provisions
- Role of Governor
- Special powers of Rajya Sabha
- Formation of New States

29. Explain the concept of equality and examine its three dimensions.

27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 8 സ്കോർ വീതം. (2 × 8 = 16)

27. ഇന്ത്യൻ ഭരണഘടനയുടെ ഭാഗം മൂന്നിൽ (Part–III) പ്രതിപാദിച്ചിരിക്കുന്ന മൗലികാവകാശങ്ങൾ വിവരിക്കുക.

28. "ശക്തമായൊരു കേന്ദ്രഗവൺമെന്റോട് കൂടിയ ഒരു ഫെഡറേഷനാണ് ഇന്ത്യ". താഴെ തന്നിരിക്കുന്ന സൂചകങ്ങളുടെ സഹായത്തോടെ ഈ പ്രസ്താവനയെ സാധൂകരിക്കുക.

- അടിയന്തിരാധികാരങ്ങൾ
- ഗവർണ്ണറുടെ പങ്ക്
- രാജ്യസഭയുടെ പ്രത്യേകാധികാരങ്ങൾ
- പുതിയ സംസ്ഥാനങ്ങളുടെ രൂപീകരണം

29. സമത്വം എന്ന സങ്കല്പത്തെ വിശദീകരിച്ച് അതിന്റെ മൂന്ന് മാനങ്ങൾ അപഗ്രഥിക്കുക.



Get the latest Question papers,
Notes and study resources.
Visit studentmap.in